Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

7860/F/2018/KSHO 04/10/2018

പ്രേഷക

ഡയറക്ടർ (എ & എഫ്)
കുടുംബശ്രീ

ഗ്രാഹകൻ

എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും

സർ/മാഡം,

വിഷയം: കുടുംബശ്രീ - ദേശീയ നഗര ഉപജീവന മിഷൻ - സ്വയം തൊഴിൽ പദ്ധതി- സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വൈദഗ്ദ്ധ്യ പരിശീലനം നൽകുന്നത് - കുടുംബശ്രീ പ്ലാൻ ഫണ്ട് വിനിയോഗിക്കുന്നത് - സംബന്ധിച്ച്

കുടുംബശ്രീ നിർവ്വഹണം ചെയ്തു വരുന്ന ദേശീയ നഗര ഉപജീവന മിഷന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം സ്വയംതൊഴിൽ സംരംഭകർക്ക് വൈദഗ്ദ്ധ്യ പരിശീലനം നൽകേണ്ടത് ടി പദ്ധതിയുടെ തന്നെ നൈപുണ്യ വികസനവും തൊഴിലും (EST& P) ഘടകത്തിന്റെ മാനദണ്ഡങ്ങൾ പ്രകാരമാണ്. എന്നാൽ സംരംഭങ്ങൾ ആരംഭിക്കുവാൻ താല്പര്യപ്പെട്ട മുന്നോട്ടു വരുന്നവരിൽ ഏറെയും 30 നും 60 നും മദ്ധ്യേ പ്രായമുള്ളവരാണ്. പദ്ധതിയുടെ EST& P ഘടക പ്രകാരം നൽകുന്ന 200 മുതൽ 1500 മണിക്കൂർ വരെ ദൈർഘ്യമുള്ള പരിശീലനങ്ങളിൽ ടി പ്രകാരമുള്ള ഒട്ടുമിക്ക സംരംഭകർക്കും ഹാജരാകാൻ സാധിക്കുന്നില്ല.

എന്നാൽ പദ്ധതി നിർവ്വഹണം മുന്നോട്ടു കൊണ്ടുപോകേണ്ട സാഹചര്യത്തിൽ കുടുംബശ്രീ മിഷൻ അക്രഡിറ്റ് ചെയ്തിട്ടുള്ള ഏജൻസികൾ മുഖേന ഹ്രസ്വകാല പരിശീലനങ്ങൾ നൽകി താല്പര്യമുള്ളവരെ സംരംഭകത്വത്തിലേയ്ക്ക് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. എൻയുഎൽഎം SEP മുഖേന സംരംഭങ്ങൾ ആരംഭിക്കാൻ താല്പര്യമുള്ള വ്യക്തികൾക്ക് ഹ്രസ്വകാല വൈദഗ്ദ്ധ്യ പരിശീലനം നൽകാൻ നിലവിൽ 50 ലക്ഷം രൂപ കുടുംബശ്രീ പ്ലാൻ ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

ഇപ്രകാരം സംരംഭകർക്കുള്ള ഹ്രസ്വകാല വൈദഗ്ദ്ധ്യ പരിശീലനം ലഭ്യമാക്കാൻ നഗരസഭകൾ താല്പര്യപ്പെടുന്ന പക്ഷം, ബഡ്ജറ്റ് സഹിതം സംസ്ഥാന മിഷന് നിർദ്ദേശം (proposal) സമർപ്പിക്കേണ്ടതാണ്. സംസ്ഥാന മിഷൻ ബഡ്ജറ്റ് പരിശോധിച്ച് ആവശ്യമായ തുക ജില്ലാ മിഷന്/ നഗരസഭകൾക്ക് കൈമാറുന്നതാണ്. നഗരസഭയും ജില്ലാ മിഷനും സംയുക്തമായി സഹകരിച്ച് വൈദഗ്ദ്ധ്യ പരിശീലനം നടത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

ഡയറക്ടർ (എ & എഫ്)
കുടുംബശ്രീ

പകർപ്പ്:

1. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. എല്ലാ നഗരസഭാ സിറ്റി മിഷൻ മാനേജർമാർക്കും
3. എല്ലാ നഗരസഭാ സിറ്റി പ്രോജക്ട് ഓഫീസർമാർക്കും